സാഖിയ ബീവി
രണ്ടാം വർഷ അറബിക് & ഇസ്‌ലാമിക് ഹിസ്റ്ററി

# അനന്തരമെടുക്കുന്നവർ

ഈ കമ്പാർട്ട്മെന്റിൽ ഞാൻ തനിച്ച്
നിറപകിട്ടുകൾക്കിടയിൽ ഒരു ശുഭവസ്ത്രധാരി
കാപട്യം മറക്കാൻ സ്യൂട്ടില്ല, കോട്ടില്ല
ജനനിയെ ചവിട്ടി ഞെരുക്കാൻ ബൂട്ടില്ല.
കൂളിംഗ് ഗ്ലാസ് വെക്കാൻ അക്ഷികൾക്ക് മഞ്ഞളിപ്പില്ല
നിങ്ങൾ പറയും മോഡേണിസം എനിക്കന്യം
നമോയുഗം തൻ വാക്താവല്ല താനും-
കോർദോവയിലുയിർ കൊണ്ട-ജ്ഞാനസ്രോതസ്സിൻ വക്താവ്
കോർദോവയെ അട്ടിമറിച്ചവർക്ക് ഞാനിന്നൊരു മൂരാച്ചി.
ത്രീവ്രവാദി
അതെ, അവരുടെ കണ്ണിൽ എനിക്ക് താടിയുണ്ട് തലപ്പാവുണ്ട്
ഗലീലിയോവിനെതൂക്കിലേറ്റവെ
ഇബ്നുസീനുക്കുയുൽ കൊടുത്തവർ-
നഗ്നനാം രാജാവിനുനേരെ കണ്ണുകളടയവെ
എതിരെ കണ്ണുതുറന്നവർ
ചരിത്രസ്മരണകൾക്ക് സ്മാരകം ഉയരവെ
ചാരിത്ര്യത്തെ സംരക്ഷിച്ചവർ
'സാത്താന്റെ വാക്യങ്ങൾ'കൊണ്ട് നിങ്ങൾക്ക് പ്രഹരിക്കാം
ലജ്ജകൊണ്ട് ഉടുതുണിയഴിക്കാം
കുടിലത കൊണ്ട് കിടിലം കൊള്ളിക്കാം
ബോംബിട്ട് പുകയും നെഞ്ചകങ്ങളെ പിളർക്കാം
പക്ഷെ, കെടുത്താനാവത്ത ജ്വാല ഞങ്ങളിലിയുരുന്നു.
സോഷ്യലിസം നിലകിട്ടാതലയവെ
ഭൂമിയ അനന്തരമെടുക്കുന്നവർ
ഞങ്ങൾ മാത്രം
സഹയാത്രികാ... സ്വതബോധം വീണ്ടടുക്കൂ... തിരിച്ചറിവു നേടൂ...
വിമോചനത്തിന്റെ വെളിച്ചമാവൂ...

സിയാദ്. പി
രണ്ടാം വർഷ സാമ്പത്തിക ശാസ്ത്രം

# ആത്മാവിന്റെ യാത്രയയപ്പ്

എന്റെ ബാല്യത്തിന്റെ അന്ത്യവും തേടി-
ഓടി ഓടി എവിടെയോ വച്ച് ഞാൻ തളർന്നു വീണു
ഒടുവിൽ ഞാനറിഞ്ഞു.
കല്ലിലും മുള്ളിലും കരിയിലക്കാട്ടിലും മൺ-
ചിരട്ടകൾക്കിടയിലും തോരാത്ത മഴയിലും
ദഹിച്ചലിഞ്ഞു തീർന്നു എന്റെ ബാല്യം എന്ന്
എന്റെ ബാല്യം അന്തിയുറങ്ങുന്ന ശ്മശാനം
കൗമാര-ത്തിന്റെ ശവക്കല്ലറയും തേടി
മൂകനായി ഞാൻ അലഞ്ഞു
ഒടുവിൽ ഞാനറിഞ്ഞു
ഏതോ കലാലയത്തിന്റെ ഇരുണ്ട മൂലയിൽ,
ചിതറിക്കിടക്കുന്ന പ്രണയകാവ്യങ്ങൾക്കിടയിൽ
ചിതലിരിച്ചമർന്നു എന്റെ കൗമാരം എന്ന്
എന്റെ കൗമാരത്തിന്റെ ചിതാഭസ്മവും പേറി-
അന്ത്യസ്തോത്രങ്ങളുരുവിട്ട് കൊണ്ട്
വിഭ്രാന്തനായി ഞാൻ അലഞ്ഞു
ഏതോ ചക്രവാളത്തിന്റെ
അന്ധകാരത്തിൽ പിടഞ്ഞ്,
എന്റെ യൗവ്വനം വാർദ്ധക്യമായതും ഞാനറിഞ്ഞു.
ഇന്നീ മരണശയ്യയിൽ, എന്റെ ആത്മാവിന്റെ
യാത്രയയപ്പിനായ് ചക്രവാളങ്ങളിലേക്ക് കണ്ണും നട്ട്
ഏകനായി ഞാൻ...

**Nassif Muhammed Ali.**
II[rd] BA Sociology

# BLESSED

Standing in the graveyard,
For the burial of a new corpse
My memories went backwords,
To a day in my childhood

I had not given it much thought
But, now standing here
I can't help but think of the parents
Of that little body.

Which was ones there happiness
And how the centre of theire tears.

How can it be so?
How can 'He' be so?
'He', the most merciful...
How can 'He' be so crual?.

But now, having had my,
Own shere of life,
I do understand,
He was actually blessed.

To be born into this world,
And to escape from it,
With an innocent heart
As poor as anything.

Dilara. M
II nd BA English

# Dreams

Dreams knocks on the
Door of my nights,
Adding the colours-seven
Into my sleep.
Comes as a guest,
Conquers my nights,
Driving this life
Into a riddle.
Childish thoughts,
Impossible desires,
Short-living joys, and
A lot of miracles.
I dreamt a lot,
Longed for it long,
When moved towards it,
It moved away from me.
To have a better view,
Clearing my sight,
I looked at it
But it faded away.
Trust in it not,
It is a fraud.
Turning its nature,
From beauty to best.
Concealing its brutal face,
With that of grace,
Surrenders its colours
Before the truth.
Dreams inspires one
To win in life.
But I aspired
And lost my mind.
Life turned into
A bird with broken wings,
In this conflict between
Dream and Reality.
Dreams charms our life,
But confide it not.
Dreams are beautiful,
But Reality... its Painful!

ദീപ്തി. കെ
രണ്ടാം വർഷ രസതന്ത്രം

# എന്നിട്ടും ആർദ്രമായ്...


എങ്ങനെയെന്നനിക്കിന്നു
മറിയില്ലയെന്നാലുമെന്നെന്റെ
സ്വപ്നങ്ങൾ തൻ സപ്തവർണാഭ
യൊക്കവേ മങ്ങി, വിവർണമായി!!!
കണ്ണീരിൽ കുത്തിയെലിച്ചതല്ലെന്തെന്നാ
ലേറെയായി എൻ മനമാർദ്രമല്ല....
ഉള്ളം പിടയുമ്പോൾ നെഞ്ചോടു ചേർക്കു
വാനാരുമില്ലാത്തവർ എന്തിനായ് കേഴുന്നു?
സൗഹൃദമാനന്ദമെല്ലാം വിരൽതുമ്പിലെ
ങ്കിലും കൂട്ടത്തിൽ ഞാൻ മാത്രമേകയായി....
പുഞ്ചിരിയെന്നേ മരിച്ചു പോയ് കൺകളിൽ
അധരങ്ങളാ നാട്യമെന്നേ മറന്നു പോയി....
നെടുവീർപ്പിൻ ചൂടിലായി വെന്തുപോയ്
എന്നാളും ഓമനിക്കാനായ് ഞാൻ
സൂക്ഷിച്ച ഓർമകൾ
നീണ്ട മൗനത്തിൽ വിരസലയത്തിലലിഞ്ഞങ്ങു
മാഞ്ഞുപോയ് നീ തന്ന വാക്കുകൾ...
ഹിമബിന്ദുപോലാർദ്ര സുന്ദര മാമെന്റെ
നിനവുകളുഗ്രമാം വെയിലിൽ പിടഞ്ഞപ്പോൾ,
ഞാൻ പോലുമറിയാതെ അധരങ്ങൾ തഴുകി-
കൊണ്ടശ്രു നിശബ്ദമായ് ഭൂമിയെ പുൽകവേ,
ദ്രുതയുഗത്തിന്റെ വക്താക്കളാമെൻ തോഴർ
മിഴികളുണ്ടാകിലുമന്ധരായ് തീർന്നവർ
"ഒരു നല്ല മഴ കണ്ടനാൾ മറന്നെ"ന്നോതി
മാനത്ത് നോക്കി, എൻ നിറമിഴികൾ
കാണാതെ....

Shasli Salma
IInd BA English

# GOSSIP

My name is Gossip,
I have no respect for justice.
I maim without killing.
I break hearts and ruin lives.
I am gunning, malicious and gather strength with age.
The more I am quoted, the more I am believed.
I flourish at every level of society.
My victims are helpless.
They cannot protect themselves against me because
I have no name and no face.
To track me down is impossible.
The harder you try, the more elusive I become.
I am nobody's friend.
Once I tarmish a reputation, it is never the same.
I topple governments and coreck marriages.
I ruin careers and cause sleepless nights
heart-aches and indigestion.
I spawn suspicion and generate grief.
I make innocent people cry in their pillows
Even my name is hisses
I am called GOSSIP.
Office Gossip-Shop Gossip-Party Gossip-
Telephone Gossip.
I make headlines and head aches.
REMEMBER, before you repeat a story, ask
yourself: Is it true? Is it fair? Is it necessary?
If not, do not repeat it. KEEP QUIET.
GREAT MINDS discuss ideas......
AVERAGE MINDS discuss events.....
SHALLOW MINDS discuss people......
Which are you???

റാഹില കെ.സി
രണ്ടാം വർഷ ഇംഗ്ലീഷ് സാഹിത്യം



# കവി

ഒരു കവി
സഞ്ചിയും മുടിയും
തൂക്കി നടന്ന വഴിയിൽ
കെട്ടികൂടിയ ഫ്രെയിമിനുള്ളിലൂടെ
കണ്ടത്,
തന്റെ കവിയെന്ന രൂപത്തെയായിരുന്നു.
മറ്റൊരു കവി
നീണ്ട ജുബ്ബയും
കടലാസും പേനയും
തിരഞ്ഞത്,
നഷ്ടപ്പെട്ട പ്രണയത്തിന്റെ
പേരിലായിരുന്നു.
മൂന്നാമതൊരാൾ
മാംസവും മജ്ജയുമുള്ള
വേദനയും വികാരവുമുള്ള
അലിവും കരുണയുമുള്ള
കവിതയെഴുതി
പക്ഷെ,
സഞ്ചിയും ജുബ്ബയുമില്ലാത്തതുകൊണ്ട്
ആരും അയാളെ
കവിയെന്നു വിളിച്ചില്ല.


പ്രനീദ്. പി
മൂന്നാം വർഷ സാമൂഹ്യ ശാസ്ത്രം

# കുരിശിലേറ്റിയിട്ടും

ഹാ, കഷ്ടം,
മുപ്പതു വെള്ളിക്കാശിനായ്
നീ നിന്നെ തന്നെ ഒറ്റിയോ?
സ്നേഹത്തിന്റെ മറപറ്റി
എന്നെ നീ വേദനിപ്പിച്ചു.
മധുരമൂറിയ വാക്കുകളാൽ,
വഞ്ചനനിറഞ്ഞ ചിരിയാൽ,
എന്റെ വിശ്വാസത്തെ–
സൗഹൃദത്തെ,
ഏതോ ശ്മശാനമൂകതയുടെ
മറവിൽ കുഴിച്ചു മൂടി.
നീ തൂലിക ചലിപ്പിച്ചത്
എന്റെ രക്തച്ചുവപ്പിനാലായിരുന്നു.
ഇനിയുമാവില്ല നിനക്കെന്നെ
ഒറ്റുവാൻ...

ഒരു സംശയം,
ശരികൾ തിരുത്തിയവനോ നീ?
നിന്റെ ശരികൾ
നിന്റേതു മാത്രമായിരുന്നു,
തെറ്റിനാൽ ആവരണപ്പെട്ട ശരികൾ!
ഇനി നീ ഉയിർത്തെഴുന്നേൽക്കുമെ
ങ്കിൽ,
അത് ഇരുട്ടിലേക്കായിരിക്കും...
അന്ന് ഉണർത്തു പാട്ടിന്റെ ഈണം
നീ മറന്നു പോയിരിക്കും...

ജഹാനഷെറിൻ
രണ്ടാം വർഷ ഗണിത ശാസ്ത്രം



# ലയനരാഗം

എന്നോ പൊഴിഞ്ഞുപോയ
അനുരാഗത്തിന്റെ ഓർമക്കായ്
മൂടൽ മഞ്ഞിൽ തീർത്ത
നേർത്ത ശയ്യയിൽ അവൾ കാത്തിരുന്നു
പ്രേമത്തിന്റെ മൊട്ടുകൾ വീണ്ടും
ഇതളിടുന്നതും കാത്ത്
രാത്രിയുടെ നീലയാമങ്ങളിൽ
ആകാശത്തിലെ നക്ഷത്രങ്ങൾ
മന്ത്രിക്കുന്നതും നോക്കി
പൊൻപീലിയാൽ അവൾ
ലയനരാഗമെഴുതി
പരിഭവത്താൽ ഇടർച്ചയുടെ
സ്വരങ്ങൾ പതുങ്ങി നിന്നു
ആ രാഗത്തിൽ...

റബീഹ ഷാഹിൻ
രണ്ടാം വർഷ ഗണിത ശാസ്ത്രം

# മൗനനൊമ്പരം

സ്നേഹ സമ്പന്നയായ മാതാവേ...
കുടിച്ച മുലപ്പാലും പകർന്ന സ്നേഹവും മറന്നോ
നിന്റെ മകൻ!
കാരുണ്യത്തിന്റെ നിറകടലായ മാതാവേ...
മാടുകളിൽ നിന്ന് അവനെരക്ഷിക്കാൻ നീ കെട്ടിയ
വേലി പൊട്ടിച്ചെറിഞ്ഞോ നിന്റെ മകൻ!
വാത്സല്യനിധിയായ മാതാവേ...
മാടുകളിൽ നിന്ന് അവനെരക്ഷിക്കാൻ നീ കെട്ടിയ
വേലി പൊട്ടിച്ചെറിഞ്ഞോ നിന്റെ മകൻ!
സഹനസമ്പന്നയായ മാതാവേ...
മൃതദേഹം കാണണ്ട എന്നുപറഞ്ഞെങ്കിലും
മോഹിച്ചില്ലേ നീ ആമുഖം ഒരു നോക്കുകാണാൻ
ഇതെല്ലാം സത്യമോ മിഥ്യയോ, അറിയില്ല.
എങ്കിലും,
ധീരയായ മാതാവേ..
നിന്റേയാ ഉറച്ച ശബ്ദം കരുത്താകട്ടെ
നമ്മുടെ രാജ്യത്തിനും നമ്മുടെ ജനതക്കും.


ആബിദ. യു
ഒന്നാം വർഷ രസതന്ത്രം

# നീ മറന്ന മണ്ണിൽ നിന്ന്...

എന്നാണ്?
ഞാനും നീയും വേർപ്പെട്ടകന്നുപോയത്?
നിന്നിൽ തണലുമെന്നിൽ വെയിലും
അലിഞ്ഞുചേർന്നത്?
ഒടുവിൽ
ഈ മൊട്ടക്കുന്നിൽ എന്നെത്തനിച്ചാക്കി
നീ വിളനിലങ്ങളിലേക്കിറങ്ങി
വയലിൽ കോൺഗ്രീറ്റുകൊയ്ത്...
നീ കൊഴുത്തുരുണ്ടു...
എന്നിട്ടും!
കാട്ടുപഴങ്ങൾ
വിശപ്പിനെകാർന്നപ്പോൾ
കാമ്പുകൾ ചോരച്ചാലുകളെ
ചുമച്ച് തുപ്പിയപ്പോൾ
ഒരു പറ നെല്ലോ,
ഒരിറ്റുതീർത്ഥമോ
ചോദിച്ചോ?
പിന്നെ,
നീയറിയാതെ,
ഇത്തിരിമണ്ണിൽ സ്വപ്നങ്ങളുടെ
വിത്തുവിതറി കാത്തിരുന്നു...

ഒരു നാൾ,
നീ വന്നത് എന്റെ നെഞ്ചിൽ
നാട്ടാൻ കുന്തമുനയുമായി,
എന്റെ കുടിനീരൊഴിച്ച് നിന്റെ
'വെളുത്ത' ഉപ്പൂറ്റി കഴുകാൻ,
കൽഭിത്തിയിലെ എന്റെ അഭയത്തെ
മൺകൂനയിലെറിയാൻ.
എന്തിനായിരുന്നു,
ഞാൻ ജീവൻ തളച്ചിട്ട മൊട്ടക്കുന്നിനെ
കാഴ്ചക്കു വിറ്റത്?!
രാത്രി തളർന്നുറങ്ങിയ
എന്റെ രാഖിനൂലിന്റെ
മടിക്കുത്തഴിച്ച് മാനമൂറ്റിയെടുത്തത്?!
വളപ്പൊട്ടിലൂർന്ന രക്തം കണ്ട്
കണ്ണടച്ച്, വിയർപ്പുതുടച്ചത്?!
അവസാനം
ചുടലപ്പറമ്പിൽ
ചിതയണഞ്ഞപ്പോൾ
കൽപടവുകളിൽ
ചുറ്റുംനോക്കി
മുഖം വെട്ടിച്ച്, കടന്നുപോയത്?


നൗഷാദ്.പി ഒന്നാം വർഷ മലയാള സാഹിത്യം




# ഞാൻ–?!

ഇതളുകളിൽ നിന്ന് നീഹാരമുതിർന്നത്..
ഇന്നലെകളിലും എന്നെ കരയിച്ചു..?
മുളംതണ്ടിലൂറിയ നീർകണത്തെ..
മുട്ടിത്തെറിപ്പിച്ച കാറ്റും വേദനതന്നു..?
മതി വരാത്ത സന്ധ്യയുടെ
മടങ്ങിപ്പോക്ക് – എന്നെ ആർദ്രനാക്കി..
കൊഴിഞ്ഞ പൂവിനായ് നിശ്വാസമുതിർക്കാൻ..
കദനഭാരം പേറും മനം കൂട്ടിരുന്നു..
ഇരവിൽ എനിക്കു കൂട്ടായ മഴയുടെ..
ഇരമ്പലൊതുങ്ങിയത് എന്നെ ഏകാന്തനാക്കി
മരിച്ച മോഹങ്ങളെ കുഴിച്ചുമൂടാൻ..
മരവിച്ച ദേഹത്തെ ഞാനുണർത്തി..
അല്ല.. മറക്കാത്ത ഓർമകൾ..?
അവ എന്നെ ഉണർത്തിയതായിരുന്നു..!
ഓർമകളുടെ കൈത്തിരി നാളത്തിൽ..
ഓളങ്ങളുടെ ഇത്തിരി പാളികളിൽ
ഈയ്യാം പാറ്റയാവാൻ..
ഒരു ചെറു കൂത്താടിയാവാൻ..
ഞാൻ.. എന്നിലെ എന്നെ തിരയുന്നു..?!

മുഹ്സിന മുഹമ്മദ്. എ
ഒന്നാം വർഷ രസതന്ത്രം



# പലായനം

കനിവിന്റെ കളിത്താലങ്ങൾ
വരളുമ്പോൾ
ആനന്ദത്തിന്റെ കളിവീടുകൾ
കഥകളായ് പരിണമിക്കുമ്പോൾ
ഭൂമി മറ്റേതോ ഗോളമായ്
വിസ്മൃതിയിലമരുന്നുവോ?

സ്നേഹത്തിന്റെ പാരാവാരത്തിൽ
ഉരുക്കിയൊഴിച്ച ദ്രാവകം
തുറക്കാതെ പോയ കവാടങ്ങൾ
പിഴച്ചുപോയ സരണികൾ
ധാത്രിയുടെ മുലപ്പാലിൽ
വിഷ മുകുളമോ?


കുളിരു ചൊരിഞ്ഞ മഴക്ക്
ഭ്രാന്തിന്റെ തിരയിളക്കം
നീർത്തുള്ളികളിൽ ചുവപ്പ്
പിന്നെ പല നിറങ്ങളും
ധവളമോ, നീ ഗർഭം ധരിച്ചത്
തമസ്സിനെയോ?
നിർത്താതെയോടുന്ന
ജീവിതത്തിൽ
കാലത്തിനൊപ്പം കുതിക്കുമ്പോഴും
നനവു പടർത്താൻ
ശേഷിപ്പതോ? ഇത്തിരി
പഴമയുടെ താളം മാത്രം...

ഫെബ്ന മൂർക്കത്ത്
ഒന്നാം വർഷ സാമൂഹ്യ ശാസ്ത്രം

# പൂജ്യങ്ങൾ ഉണ്ടാകുന്നത്

അന്ന്,
ക്ലാസ് മുറിയുടെ നാല് ചുമരുകൾക്കുള്ളിൽ
കണക്കുമാഷ് ഉച്ചത്തിൽ പറയുമായിരുന്നു...
നെഗറ്റീവിനും പോസിറ്റീവിനുമിടയിൽ പൂജ്യം ജനിക്കുന്നുവെന്ന്...
നീലിച്ച അടിപാടുകൾക്കിടയിൽ തിരുത്തുന്നു...
ചോർന്നൊലിക്കുന്ന കൂരയുടെ കീഴിലാണ് പൂജ്യങ്ങൾ ജനിക്കുന്നത്...
ഒരു ബിന്ദുവിൽ തുടങ്ങി അതേ ബിന്ദുവിൽ അവർ ഒടുങ്ങുന്നു...
ചുറ്റിത്തീർത്ത വട്ടത്തിന് വിയർപ്പിന്റെ വിശന്ന ഗന്ധം
എരിഞ്ഞടങ്ങിയ സ്വപ്നങ്ങളും കിനാക്കളുമായിരിക്കുമോ
ആ വലിയ വൃത്തത്തിലവർ ചേർത്ത് പിടിച്ചത്.
പൂജ്യത്തിന് മണ്ണിന്റെ നിറവും കണ്ണിന്റെ നനവുമാണത്രെ...
മഴവെള്ളം വീണുടഞ്ഞ കൽപടവുകളിൽ
ശാശ്വതമായവർ ഉറങ്ങുന്നു, ശേഷം ശൂന്യതയുമൊടുങ്ങുന്നു...


നഷീദ സെയ്ദ് ഒന്നാം വർഷ രസതന്ത്രം



# സംഗമം

കര
തിരയെ വിളിച്ചു
തിര
വരില്ലെന്നു പറഞ്ഞു
കാറ്റടിച്ചു
തിരവന്നില്ല
കര
തിരയെ മറന്നു
തിര
കരയെയോർത്തു കരഞ്ഞു
വിരഹം
മൗനമായിരമ്പി
ഒടുവിൽ ഒരു രാത്രി
തിര കടലിലലിഞ്ഞു തീർന്നു.

നുജാം അലി. വി.പി
രണ്ടാം വർഷ അറബിക് & ഇസ്‌ലാമിക് ഹിസ്റ്ററി



# തിരശ്ശീലയിലെ അഭയാർത്ഥികൾ

നീ തുപ്പി വീണ ഷെല്ലുകൾക്കിടയിൽ
നിന്നൊരു വിലാപം;
കത്തികരിഞ്ഞ പച്ചമാംസങ്ങൾക്കിടയിൽ
നിന്നൊരു നീറ്റൽ
തകർന്ന് വീണെൻ സ്വപ്നങ്ങൾക്കിടയിൽ
എരിഞ്ഞടങ്ങിയ ഞാനെന്ന സത്യം!
വറ്റിവരണ്ടെൻ കണ്ണീർ തടങ്ങളും;
വിരളി വരണ്ടെൻ അധരങ്ങളും
ചേതനയറ്റ എന്നിലെ എന്നെയും
സാക്ഷി നിർത്തി കാലം നിൻ-
കേൾക്കാത്ത കാതുകളിലിരമ്പുന്നു;
'ഇവരും എൻ അവാശികൾ'
എഴുതാനുയർത്തിയ തൂലികയിൽ
നിമ്പൂറ്റി വീണ ചുടുചോരയും
അധിനിവേശത്തിൻ കുന്തമുനയാൽ
വ്രണപ്പെട്ട് കേഴുന്ന മനസ്സും
വിപണികളിൽ അലയടിക്കുന്നു;
ജീവനുള്ള പാവകണക്കെ...!
വികാരങ്ങൾ വിൽക്കപ്പെടുമെന്നത് സത്യം
ഇന്നിന്റെ മിഥ്യയെ ഭേദിക്കുമ്പോഴാക്കട്ടെ
പാശ്ചാത്യ നാക്കുകൾ
പരിഹാസ വൃത്തത്തിൽ
ഏറ്റ് പാടിപ്പതിഞ്ഞ
തിരശ്ശീലയിലെ അഭയാർത്ഥികൾ!!!

ഷഫ്നജാസ്മിൻ
മൂന്നാം വർഷ രസതന്ത്രം

# വ്രണം

ഓർമകളുടെ
മടുപ്പിക്കുന്ന രൂക്ഷഗന്ധം തട്ടി
മനസ്സുമുറിഞ്ഞു...
കീറിത്തുടങ്ങിയ
മുറിവിൽ നിന്നുമിറ്റുവീണ
രക്തം പരന്നൊഴുകി
മരുന്നുകളുടെ ചങ്ങലയ്ക്കുള്ളിൽ
അബോധാവസ്ഥയിലാണ്
നടന്നുകയറുമ്പോഴും
ഉണങ്ങാത്ത മുറിവിലെവിടെയോ
സൂചിക്കുത്ത്...
വ്രണങ്ങളെ വെറുതെ
കുത്തിപ്പഴുപ്പിന്
നോവുനിറഞ്ഞ ഭ്രാന്തായി
സിരകളിലെവിടെയോ ലഹരിയായ്
ആർത്തിരമ്പി...
കണ്ണീരിന്റെ ഉപ്പുരസം
ആവേശമായ് പതഞ്ഞുപൊന്തി
ഹൃദയത്തിലെവിടെയോ
ഒരു കടന്നൽകൂട്ടമിരമ്പി
മനസ്സിന്റെ
സ്വകാര്യമായ വാശിയെ
തച്ചുടക്കാനായില്ല.
നിഷേധത്തിന്റേയും
പിടിവാശിയുടേയും
വിലക്കപ്പെട്ട കനിയുടെ സ്വാദ്...
ശരീരത്തിലെവിടെയോ
ഇക്കിളിക്കൂട്ടി
വീണ്ടും മനസ്സെന്തിനോ...
ഭൂതകാലത്തന്റെ
നനവൂറുന്ന ഓർമകളിലേയ്ക്ക്
ഓർമകളുടെ ആർദ്രസുഗന്ധത്തിലേയ്ക്ക്.